**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4930** **11-08-2021 - ൽ മറുപടിയ്ക്ക്**

**മണ്ഡല അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മണ്ഡല അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ സേവനം നിലവിലുണ്ടോ; പ്രസ്തുത ഓഫീസറുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ സേവനം നിലവിലുണ്ട്. ഭക്ഷ്യസുരക്ഷാഓഫീസർമാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു. 1. ഭക്ഷ്യോത്പാദന സംഭരണ വിതരണ വിൽപന സംരംഭവുമായി ബന്ധപ്പെട്ട Food Business Establishments (FBE) ൽ പരിശോധന നടത്തുക. 2.വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഏതൊരു ഭക്ഷ്യ വസ്തുവിന്റെയും സാമ്പിളുകൾ നിയമാനുസരണം ശേഖരി ക്കുകയും പരിശോധനാ ഫലം അനുസരിച്ചുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുക. സർവ്വയിലൻസ് അടിസ്ഥാന ത്തിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുക. 3. ഏതെങ്കിലും ഭക്ഷ്യവസ്തുവിൽ മായം ഉണ്ടെന്ന് സംശയം തോന്നുന്ന സാഹചര്യത്തിൽ അത്തരം ഭക്ഷ്യവസ്തു ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് പിടിച്ചെടുത്ത് (seize ചെയ്ത്) നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്. പെട്ടെന്ന് നശിച്ചുപോകുന്ന ഭക്ഷ്യവസ്തുക്കൾ (Perishable food items ) കേടായതും പഴകിയതുമാണെന്നും അത് ഭക്ഷ്യയോഗ്യമല്ലാ ത്തവിധം മോശമാണെന്നും ബോധ്യപ്പെട്ടാൽ അത്തരം ഭക്ഷ്യവസ്തുക്കൾ ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് നശിപ്പിക്കാവുന്നതാണ്. 4. ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യോത്പാദന സംഭരണ വിതരണ വിൽപന സ്ഥാപനങ്ങൾക്ക് (രജിസ്ട്രേഷൻ പരിധിയി ൽപ്പെടുന്ന) ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നൽകുന്നത് അതാത് സർക്കിളുകളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരാണ്. 5.Food Safety and Standards Act, 2006 നെ കുറിച്ച് ഭക്ഷ്യസംരംഭകരെ ബോധവാൻമാരാക്കുക, സുരക്ഷിതാ ഹാരത്തെക്കുറിച്ചും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തെ കുറിച്ചും ഉപഭോക്താക്കളെ |

| | | | |
|---|---|---|---|
| | | | ബോധവാന്മാരാക്കുക, ഗുണനില വാരത്തിൽ വ്യതിയാനം കാണപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ ഉത്പാദകർ, വിതരണക്കാർ, വില്പനക്കാർ സംഭരണം നടത്തുന്നവർ എന്നിവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുക. |
| (ബി) | മണലൂർ മണ്ഡലത്തിലെ ഫുഡ് സേഫ്റ്റി ഓഫീസിലെ ജീവനക്കാരുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | മണലൂർ മണ്ഡലത്തിലെ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു. 1. അരുൺ.പി.കാര്യാട്ട് (Pen - 792 885), ഭക്ഷ്യസുരക്ഷാ ഓഫീസർ, 18/01/2021 മുതൽ മണലൂർ ഭക്ഷ്യസുരക്ഷാ ഓഫീസറായി ജോലി ചെയ്ത് വരുന്നു. 03/08/2021 വരെ തൃശ്ശൂർ, വടക്കാഞ്ചേരി സർക്കിളുകളുടെ അധിക ചുമതല വഹിച്ചിരുന്നു. 2. മുഹമ്മദ് ഹഷീഫ്.പി, ക്ലർക്ക്. നിലവിൽ 22/01/2021 മുതൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ കോഴിക്കോട് ജില്ലയിലേയ്ക്ക് മാറ്റം ലഭിച്ചിട്ടുണ്ട്. 3. രമ്യ തിലകൻ (Pen -800 002) ഓഫീസ് അറ്റൻഡന്റ് 08/03/2017 മുതൽ മണലൂർ ഭക്ഷ്യ സുരക്ഷാ ഓഫീസിൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്ത് വരുന്നു. |
| (സി) | പ്രസ്തുത ഓഫീസിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (സി) | ഭക്ഷ്യോൽപാദന, സംഭരണ, വിതരണ, വിൽപന സ്ഥാപനങ്ങളുടെ പരിശോധനയുടെ ഭാഗമായി മണലൂർ ഭക്ഷ്യ സുരക്ഷാ സർക്കിൾ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ 290 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനയുടെ ഭാഗമായി ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് 93 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും പഠനവിധേയമായി 55 സർവെയലൻസ് സാമ്പിളുകളും ഈ കാലയളവിൽ ശേഖരിച്ച് പരിശോധനയ്ക്കയച്ചിട്ടുണ്ട്. സാമ്പിളുകളിൽ ഗുണനിലവാരം പാലിക്കാത്തതും ശരിയായ രീതിയിൽ ലേബൽ വിവരങ്ങൾ ഇല്ലാതെ പായ്ക്ക് ചെയ്ത് വിൽപന നടത്തിയതിനും 12 അഡ്ജ്യൂഡിക്കേഷൻ കേസുകൾ ഈ കാലയളവിൽ ബഹുമാനപ്പെട്ട തൃശ്ശൂർ RDO കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുണ്ട്. അഡ്ജ്യൂഡിക്കേഷൻ നടപടികളിലൂടെ നിയമലംഘനം നടത്തിയ സ്ഥാപനങ്ങളിൽ നിന്ന് 1,52,000/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തിയ മുളകുപൊടി, കേക്ക് എന്നീ ഭക്ഷ്യ വസ്തുക്കൾ നിർമ്മിച്ച് വിൽപന നടത്തിയ സ്ഥാപനങ്ങൾക്കെതിരെ ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, തൃശ്ശൂർ, ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, ചാവക്കാട് എന്നീ കോടതികളിൽ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടു |

| | | | |
|---|---|---|---|
| | | | വർഷക്കാലയളവിൽ ഭക്ഷ്യ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ 3009 ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ IEC പ്രവർത്തനങ്ങളുടെ ഭാഗമായി മുല്ലശ്ശേരി, വെങ്കിടങ്ങ് പഞ്ചായത്തുകളെ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്തുകൾ കേന്ദ്രീ കരിച്ച വ്യാപാരികൾ, കുടുംബശ്രീ പ്രവർത്തകർ, ആശ വർക്കർമാർ എന്നിവർക്കായി ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണക്ലാസുകൾ സംഘടിപ്പി ച്ചിട്ടുണ്ട്. 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പാവറട്ടി പഞ്ചായത്തിലെ ബേക്കറി വ്യാപാരികൾക്കും മുല്ലശ്ശേരി പഞ്ചായത്തിലെ ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന കുടുംബശ്രീ പ്രവർത്തകർക്കുമായി ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട FoSTac (Food Safety Training and Certification) പരിശീലനം മുല്ലശ്ശേരി കുടുംബശ്രീ ഹാളിൽ വച്ച് നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ